# അദ്ധ്യായം 5

# സഹിഷ്ണുതയും ദുർന്നടപ്പും

1 കൊരിന്ത്യർക്ക് എഴുതിയ ലേഖനത്തിലെ ആദ്യത്തെ നാല് അദ്ധ്യായങ്ങളിൽ പ്രതിപാദിക്കുന്നത്, സഭയിൽ ഭിന്നിപ്പ് ഉളവായതിൽ പൗലൊസിനുണ്ടായ ഉൽക്കണ്ഠ രേഖപ്പെടുത്തിയതാണ്. ആ വിഭാഗീയതക്ക് കാരണം സഭയിൽ ചിലരുടെ നിഗള ഭാവമാണ് (4:19). ആ അനൈക്യത്തെ കുറിച്ച് ചർച്ച ചെയ്ത ശേഷം, അപ്പൊസ്തലൻ മറ്റൊരു പ്രശ്നത്തിലേക്കാണ് കടക്കുന്നത്. ആ സഹോദരങ്ങൾ തങ്ങളുടെ നിഗളത്താൽ പൗലൊസിന്റെ അധികാരത്തെ ചോദ്യം ചെയ്തു (4:18 നോക്കുക). ആ പ്രശ്നം പരിഹരിക്കേണ്ടതാകയാൽ, അവൻ അതു കാര്യമാക്കിയില്ല.

എങ്ങനെയായാലും, അതേ നിഗള ഭാവമാണ് കൊരിന്ത്യ സഭയിലെ ചിലർ പൗലൊസിന്റെ അധികാരത്തെ വെല്ലുവിളിക്കുവാനും ക്രിസ്തുവിന്റെ ശരീരത്തിന്റെ പവിത്രത ഉപേക്ഷിക്കുവാനും ഇടയാക്കിയത്. ദൈവത്തെ-കേന്ദ്രീകരിച്ചുകൊണ്ടുള്ള സേവനത്തിന് അടിസ്ഥാനമായി വേണ്ടത് സാന്മാർഗികതയാണ്, അപ്പൊസ്തലൻ കൊരിന്ത്യരോട് സാന്മാർഗികതയെ ചർച്ച ചെയ്തതായുള്ള രേഖ ഒന്നും നമുക്ക് ഇല്ല. എന്നിരുന്നാലും, അവിടെ നേരിട്ടിരുന്ന ഗൗരവമായ ഒരു പ്രശ്നം അപ്പൊസ്തലന്റെ ശ്രദ്ധയിൽ പെട്ടിരിക്കുന്നു.സഭയോടുകൂടെ തിരിച്ചറിയുന്ന ഒരു പുരുഷൻ തന്റെ അപ്പന്റെ ഭാര്യയോടുകൂടെ ശയിച്ച ശേഷം, ഒരു ലജ്ജയും കൂടാതെ കൊരിന്ത്യ സഭയുമായി കൂട്ടായ്മ ആചരിച്ചുകൊണ്ടിരിക്കുന്നു. ഈ വിവരം കേട്ടപ്പോൾ പൗലൊസ് വിസ്മയിച്ചുപോയി.

ആ മനുഷ്യന്റെ ആ പ്രവൃത്തിക്ക് ഒരു ഒഴികഴിവുമില്ലായരുന്നു, സഭയിലുള്ള മറ്റുള്ളവരുടെ മനസാക്ഷിക്ക് ഒരു പോറലും ആ കാര്യത്തിൽ ഇല്ലെന്ന് മനസിലാക്കിയ പൗലൊസിന് ആ പെരുമാറ്റം സഹിക്കുവാൻ കഴിഞ്ഞില്ല. ഈ കാര്യത്തിൽ, സഭ ഒന്നടങ്കം പരാജയപ്പെട്ടു.

### പാപത്തെ ശുദ്ധീകരിക്കൽ (5:1-5)

**[1]നിങ്ങളുടെ ഇടയിൽ ദുർന്നടപ്പ് ഉണ്ടെന്ന് കേൾക്കുന്നു. ഒരുത്തൻ തന്റെ അപ്പന്റെ ഭാര്യയെ വെച്ചുകൊള്ളുന്നുപോൽ, അത് ജാതികളിൽ പോലും ഇല്ലാത്ത ദുർന്നടപ്പ് തന്നെ. എന്നിട്ടും നിങ്ങൾ ചീർത്തിരിക്കുന്നു.[2]ഈ ദുഷ്ക്കർമ്മം ചെയ്തവനെ നിങ്ങളുടെ ഇടയിൽനിന്നു നീക്കുവാൻ തക്കവണ്ണം നിങ്ങൾ ദുഃഖിച്ചിട്ടുമില്ല.**

**[3]ഞാനോ ശരീരം കൊണ്ട് ദൂരസ്ഥൻ എങ്കിലും, ആത്മാവ് കൊണ്ടു കൂടെയുള്ളവനായി നിങ്ങളുടെ മദ്ധ്യെ ഇരിക്കുന്നവനായിത്തന്നെ. ഈ ദുഷ്ക്കർമ്മം ചെയ്തവനെ കുറിച്ച് നിങ്ങളും [4]എന്റെ ആത്മാവും നമ്മുടെ കർത്താവായ യേശുവിന്റെ ശക്തിയോടെ ഒന്നിച്ചുകൂടിയിട്ട് നമ്മുടെ കർത്താ**

**വായ യേശുവിന്റെ നാമത്തിൽ അവനെ [5]ആത്മാവ് കർത്താവായ യേശുവിന്റെ നാളിൽ രക്ഷിക്കപ്പെടേണ്ടതിന്ന്, ജഡസംഹാരത്തിനായി സാത്താന് ഏൽപിക്കേണം എന്നു വിധിച്ചിരിക്കുന്നു.**

**വാക്യം 1.** ഈ പാപത്തെ കുറിച്ച് പൗലൊസ് സാധാരണ ചർച്ചയല്ല ചെയ്യുന്നത്. ആ വിഷയത്തിന്റെ ആമുഖം തന്നെ നൽകുന്നത് ഒരു ഇടിമിന്നൽ പോലെയായിരുന്നു. അത് **വാസ്തവത്തിൽ കേട്ടിരിക്കുന്നു** എന്നു പറഞ്ഞാണ് തുടങ്ങിയത്. ജാതികളെ പോലും ലജ്ജിപ്പിക്കുന്ന രീതിയിൽ, യേശുവിന്റെ നാമം എടുത്തിരിക്കുന്ന ആളുകൾ **ദുർന്നടപ്പിനെ** പരസ്യമായി മറ്റുള്ള ക്രിസ്ത്യാനികൾ അംഗീകരിക്കുന്നു എന്നതായിരുന്നു കുഴപ്പം. അവന്റെ നിരാശ പ്രകടമാക്കിയത് സഭയോടായിരുന്നു. അത്തരം ലജ്ജാകരമായ പ്രവൃത്തിയെ അനുകൂലിക്കുകയാൽ, അവർ തങ്ങലുടെ നാട്യ ജ്ഞാനവും ലൗകിക അറിവും നിമിത്തം ക്രിസ്തുവിനെ വളരെ കുറച്ചു മാത്രമെ അറിയുന്നുള്ളു എനനു കാണിക്കുന്നു.

പാപം ചെയ്ത വ്യക്തിയെയും, സഭ അതിനെ അനുകൂലിച്ചതിനെയുമാണ് അപ്പൊസ്തലൻ വിധിച്ചത്; അപ്പൊസ്തലൻ ആ സ്ത്രീയെ കുറിച്ച് ഒന്നും പറഞ്ഞില്ല. അവൾ ഒരുപക്ഷെ ആ സാഹചര്യത്തിന് നിർബ്ബന്ധിക്കപ്പെട്ടവളോ, അല്ലെങ്കിൽ അവൾ അവിശ്വാസിയോ ആയിരുന്നേക്കാം. എന്നാൽ ആ പുരുഷൻ ക്രിസ്ത്യാനിയാണ്, **ജാതികളിൽ പോലും നടപ്പില്ലാത്ത പാപം** ചെയ്ത് സഭയിൽ തുടരുകയായിരുന്നു. അത്തരം പാപത്തെ കൈകാര്യം ചെയ്യാതിരുന്ന സഭയെയാണ് അപ്പൊസ്തലൻ ശാസിക്കുന്നത്.

പഴയ നിയമത്തിൽ, മോശെയുടെ ന്യായപ്രമാണം ദുർന്നടപ്പിനെ വിലക്കിയിരുന്നു (ലേവ്യ. 18:8; 20:11; ആവ. 22:30; 27:20). ഗ്രീക്ക് സമൂഹത്തിൽ വ്യഭിചാരം ചിലപ്പോൾ വ്യാമോഹിപ്പിക്കുമെങ്കിലും, പൊതുവിൽ ദുർന്നടപ്പിനെ അവജ്ഞയോടെയാണ് കണ്ടിരുന്നത്. ഗ്രീക്ക് സമ്പ്രദായത്തിൽ വ്യഭിചാരത്തെ അടിസ്ഥാനമില്ലാതെ ഉപയോഗിച്ചിരുന്നതായി കാണാം. ധാർമ്മികതക്ക് ശ്രദ്ധ കൊടുക്കാത്ത അന്യ ദേവന്മാരെ നമസ്ക്കരിച്ചിരുന്നവരിൽ പോലുമില്ലാത്ത രീതിയായ, ഒരാൾ തന്റെ അപ്പന്റെ ഭാര്യയെ വെച്ചുകൊണ്ടിരിക്കുന്നതിനെ സഹിക്കുകയായിരുന്നു കൊരിന്ത്യ സഭ.

കൊരിന്തിലെ ഒരു ക്രിസ്ത്യാനി തന്റെ അപ്പന്റെ ഭാര്യയുമായി വ്യഭിചാരം ചെയ്യുന്നതായിട്ടായിരിക്കാം ഒരുപക്ഷെ ക്ലോവയുടെ ആളുകളിൽനിന്ന് പൗലൊസ് കേട്ടത് (1:11), അല്ലെങ്കിൽ ഒരുപക്ഷെ അവൻ കേട്ടത് 16:17 ൽ പറഞ്ഞിരിക്കുന്നവർ മുഖേനയാകാം. ആ വാർത്ത പൗലൊസിനെ നിരാശപ്പെടുത്തി. "അത്തരം ലജ്ജാകരമായ ദുർന്നടപ്പിനെ ഞാൻ കൈകാര്യം ചെയ്യും" എന്നതായിരിക്കാം പൗലൊസിന്റെ തലയിൽ കൂടെ കടന്നുപോയ വികാരം. "വടിയോടുകൂടെ" അവരുടെ അടുക്കൽ പോകുവായിരിക്കാം അപ്പൊസ്തലന് തോന്നിയത് (4:21). പൗലൊസ് കർശനമായ ഭാഷ എന്തുകൊണ്ട് ഉപയോഗിച്ചു, വടികൊണ്ട് ചെല്ലുവാൻ അവൻ ആഗ്രഹിച്ചത് എന്തുകൊണ്ട്? "കർത്താവിന്റെ ശരീരം നിങ്ങളുടെ ഇടയിലെ ദുർന്നടപ്പ് നിമിത്തം അശുദ്ധമായിരിക്കുന്നു!"

ഒരാൾ **അപ്പന്റെ ഭാര്യയെ വെച്ചുകൊണ്ടിരിക്കുന്നു** എന്നത് വാസ്തവത്തിൽ എന്തായിരുന്നു? ആ മനുഷ്യന്റെ സ്വന്തം അമ്മയായിരുന്നില്ല അത് എന്നു വ്യക്തം, അങ്ങനെയായിരുന്നു എങ്കിൽ പൗലൊസ് അത് പറയുമായിരുന്നു. അപ്പോൾ, ഇവിടെ പറയുന്ന അപ്പന്റെ ഭാര്യ എന്നത് ആ മനുഷ്യന്റെ

രണ്ടാം അമ്മയായിരിക്കണം.[1] അവന്റെ സ്വന്തം അമ്മ മരിക്കുകയും, അപ്പൻ പുനർഡവിവാഹം ചെയ്തതുമാകാം. അവന്റെ പ്രായമുള്ള ഒരു യുവതിയെ അപ്പൻ വിവാഹം കഴിച്ചിരിക്കാം. ഒരുപക്ഷെ അവന്റെ അപ്പൻ മരിച്ചുപോയതു മാകാം. ആ മനുഷ്യൻ അപ്പന്റെ വീട്ടിലായിരുന്നോ താമസിച്ചിരുന്നത്? അവൻ അവളെ വഴി തെറ്റിക്കുകയായിരുന്നോ? വൈകാരികമായ ആ ദുർന്നടപ്പിൽ പല പ്രശ്നങ്ങളും അടങ്ങിയിരിക്കുന്നു.

അവസാനം, ആ ബന്ധം വിശദമായി മനസിലാക്കുമ്പോൾ, ചെറിയ വ്യത്യാസം കാണാം. അത്തരം ദുർന്നടപ്പ് ഒരുപക്ഷെ ജാതികളിൽനിന്നു പ്ര തീക്ഷിച്ചേക്കാം. എന്നാൽ സഭ ദൈവനാമം വിളിക്കപ്പെട്ട വിശുദ്ധീകരിക്കപ്പെട്ട ജനമാണ്.

പൗലൊസ് പിന്നീട്, അപ്പന്റെ ഭാര്യയെ വെച്ചുകൊണ്ടിരിക്കുന്ന പുരുഷനെ കുറിച്ചു പറയുന്നത് πóρνος (*പോർണോസ്*), "ദുർന്നടപ്പുകാരൻ" എന്നാണ്. ഒരു πόρνη (*പോർണെ*) എന്നു പറയുന്നത് വ്യഭിചാരം ചെയ്യുന്ന വ്യക്തിയെയാണ്. വ്യഭിചാര സേവനത്തെ കുറിക്കുന്നതാണ് ആ വാക്കിന്റെ നാമം πορνεία (*പോർണെയിയ*). പുതിയ നിയമത്തിൽ ആ വാക്ക് വിശാലമായ അർത്ഥത്തിൽ എല്ലാ തരത്തതിലുമുള്ള ("അധാർമ്മികതയെ") വെളിപ്പെടുത്തുന്നു. യെഹൂദ മതാനുസാരികളായ ധാർമ്മികർ ആ വാക്കിനെ ഉപയോഗിച്ചിരിക്കുന്നതു പേ ാലെയാണ് *പോർണെയിയ* ഉപയോഗിച്ചിരിക്കുന്നത്. ആ വാക്ക് ഏതു തര ത്തിലുമുള്ള ലൈംഗികതക്ക് ആ വാക്ക് പ്രയോഗിക്കാം. അത് വ്യഭിചാരം, സ്വവർഗരതി, അവിഹിത ബന്ധം എന്നിവക്കെല്ലാം ഉപയോഗിക്കാം.[2]

വാസ്തവത്തിൽ നടന്ന സംഭവമായും, അനുഭവമായുമാണ് പുതിയ നിയമത്തിൽ സന്മാർഗത്തെ ചർച്ച ചെയ്യുന്നത്. സാന്മാർഗികത ആവശ്യപ്പെ ടുന്നതാണ് സഭ. ക്രിസ്ത്യാനികൾ നേരിടുന്ന ഓരോ സന്മാർഗത്തെയും പ ൗലൊസ് ഇവിടെ ചർച്ച ചെയ്യുന്നില്ല. അതുപോലെയുള്ള പരാജയമാണ് ഇന്നത്തെ സഭയിലും നടക്കുന്നത്. സഭയുടെ ധാർമ്മിക നിലവാരമാണ് ലോക ത്തിന്റെ മുമ്പാകെ പരിഗണിക്കപ്പെടുന്നത്.

ലോകത്തുള്ളവർ സുവിശേഷം കേൾക്കുന്നതിന് ക്രിസ്ത്യാനിക ളുടെ ധാർമ്മികത അളക്കുമെന്നത് സ്വാഭാവികം മാത്രമാണ്. ക്രിസ്തീയ സന്മാർഗവും ക്രിസ്തീയ ഉപദേശവും വേർതിരിക്കാൻ കഴിയാത്തവയാണ്. ക്രിസ്തു ദൈവപുത്രനാണെന്ന വിശ്വാസം ഏറ്റു പറയുന്നതു മുതൽ ദൈവ ഭക്തിയുള്ള ജീവിതം ആരംഭിക്കുകയാണ്.

**വാക്യം 2.** പൗലൊസ് അതിനെ വിശ്വാസരാഹിത്യമായി പറഞ്ഞിരിക്കു ന്നു. അത്തരം ലജ്ജാകരമായ പാപത്തെ അവർക്ക് എങ്ങനെ ന്യായീകരി ക്കുവാൻ കഴിയും? പ്രത്യക്ഷമായ ദുർന്നടപ്പിലായവർക്ക് എങ്ങനെ ജ്ഞാനി കൾ എന്ന് അവകാശപ്പെടുവാൻ കഴിയും? അവർ **അഹങ്കരിച്ചിരിക്കയാണോ** (πεφυσιωμένοι *പെഫുസിയോമെനോയി* 5:2)? "ചീർത്തിരിക്കുന്നു"; കെജെവി? ആ മനുഷ്യന്റെ അധാർമ്മിക ജീവിതത്തിൽ അവർ **ദുഃഖിക്കേണ്ടതായിരുന്നില്ലേ**? പക്ഷെ ദുഃഖിച്ചില്ല ആ ദുഷ്ക്കർമ്മം ചെയ്തവനെ, അവരുടെ ഇട യിൽനിന്നു നീക്കം ചെയ്യുവാൻ ശ്രമിക്കേണ്ടതായിരുന്നില്ലേ?

ആ ദുർന്നടപ്പുകാരനായയ പുരുഷനെ സഭ വിളിച്ചചുവരുത്തി വിശദീ കരണം ചോദിക്കുന്നതാണ് ദൈവിക ജ്ഞാനം (1:30). ദൈവിക ധാർമ്മികത ആളുകൾ സ്വീകരിക്കുന്നതിന്റെ അനന്തരഫലമാണ് ജ്ഞാനം. ക്രിസ്ത്യാനികൾ അന്യദേവന്മാരെ നമസ്ക്കരിക്കുന്നവരുടെ നിലവാരം പോലും അവിടെയുള്ള

ക്രിസ്ത്യാനികളിലില്ല എന്നതു ഖേദകരമത്രെ. ഭിന്നതയിലും ദുർന്നടപ്പിലും അവർക്ക് ദുഃഖമുണ്ടായില്ല എന്നു മാത്രമല്ല, അവർ ചീർത്തു പോയിരിക്കുന്നു. ക്രിസ്തീയ സമൂഹം അത്തരം പ്രവൃത്തികളെ സ്വീകരിക്കാമായിരുന്നില്ല. അതിനെ കുറിച്ച് ചിന്തിക്കുകയോ ദുഃഖിക്കുകയോ ചെയ്തില്ല എന്നതായിരുന്നു അവരുടെ വീഴ്ച്ച. ആ പാപം ചെയ്ത വ്യക്തിയ [അവർ] **തങ്ങളുടെ ഇടയിൽ നിന്നു നിക്കി** കളയണമായിരുന്നു.

**വാക്യം 3.** പൗലൊസിന് നേരിട്ടു കൊരിന്തിൽ പോയി പ്രശ്നപരിഹാരം വരുത്തുന്നതിന് തടസമുണ്ടായിരുന്നു. എങ്കിലും ആത്മാവിൽ അവൻ അവിടെ സന്നിഹിതൻ ആയിരുന്നു. **ശാരീരികമായി അപ്പൊസ്തലൻ കൊരിന്തിൽ ഇല്ല എങ്കിലും, ആത്മാവിൽ അവന്റെ സാന്നിധ്യം** അവിടെ ഉണ്ടായിരുന്നു എന്നു പറഞ്ഞത് വ്യത്യസ്തമായി നാം മനസിലാക്കണം. തന്റെ ശാരീരിക സാന്നിധ്യത്തിനു പകരമാണ് താൻ അയക്കുന്ന പ്രബോധനം എന്നാണോ? ആ വാക്കുകളിൽ വളരെ വിപുലമായ അർത്ഥം അടങ്ങിയിരിക്കുന്നു എന്നു പറയാം.

5:3 ൽ "ഞാൻ" എന്നു ഊന്നി പറഞ്ഞ് (ἐγώ, *എഗോ*), 5:3 ൽ "നിങ്ങൾ" എന്നതിന് (ὑμεῖς, *ഹുമെയിസ്*) ഊന്നൽ കൊടുത്തിരിക്കുന്നു 5:2 ൽ ഈ കാര്യത്തതിൽ വിധി നടത്തുവാൻ താൻ നേരിട്ട് വരേണ്ട ആവശ്യമില്ലെന്നാണ് അപ്പൊസ്തലൻ പറഞ്ഞത്. പൗലൊസിന്റെ ഹൃദയവും മനസും കൊരിന്തിൽ അവരോടൊപ്പമായിരുന്നു. [അവൻ] **അവരുടെ മദ്ധ്യത്തിൽ** അദൃശ്യനായ അതിഥിയായിരുനനു. അവൻ അവിടെ സന്നിഹിതനായതിനാൽ ആ **ദുഷ്ക്കർമ്മം ചെയ്ത**[വനെ] പൗലൊസ് **വിധിച്ചു കഴിഞ്ഞിരുന്നു.** വിശ്വാസത്തിൽ ജീവിക്കുക എന്നാൽ, ധാർമ്മികമായും കടമകളോടും ജീവിക്കുന്നതാണെന്ന് ക്രിസ്തുവിന്റെ അപ്പൊസ്തലൻ എന്ന നിലക്ക് പൗലൊസ് വെളിപ്പെടുത്തി.

**വാക്യം 4.** 5:4 ലെ തർജിമ വ്യത്യാസമുള്ളതാണ്, കാരണം **കർത്താവായ യേശുവിന്റെ നാമത്തിൽ** എന്ന പ്രയോഗം പല രീതിയിൽ ഉപയോഗിച്ചിട്ടുണ്ട്. 3 ഉം 4 ഉം വാക്യങ്ങൾ യോജിപ്പിച്ചാണ് എൻആർഎസ്‌വി തർജിമ ചെയ്തിരിക്കുന്നത്: "അത്തരം പ്രവൃത്തി ചെയ്തവനെതിരെ ഞാൻ വിധി പ്രസ്താവിച്ചു കഴിഞ്ഞു" (5:3, 4). എൻഐവി സഭ കൂടി വരുന്നതുമായി ബന്ധപ്പെടുത്തിയാണ് തർജിമ ചെയ്തിരിക്കുന്നത്: "**നിങ്ങൾ കൂടി വരുമ്പോൾ** ... കർത്താവായ യേശുവിന്റെ ശക്തി വരുന്നു" വ്യത്യാസം ചെറുതാണ്, പക്ഷെ ആ മനുഷ്യനെ ഞാൻ വിധിച്ചുകഴിഞ്ഞു എന്നതിനോട് (5:3) എൻആർഎസ്‌വി യോജിക്കുന്നു.

നമ്മുടെ കർത്താവായ യേശുവിന്റെ ശക്തിയോടുകൂടെ എന്ന പ്രയോഗം നടത്തുമ്പോൾ, ഒരു ചോദ്യം ഉയരും. "യേശുവിന്റെ ശക്തിയോടുകൂടെ" എന്നു പറയുന്നത് പൗലൊസിന്റെ ആത്മീയ സാന്നിധ്യമാണോ അതോ പാപത്തിൽ ജീവിക്കുന്ന മനുഷ്യനെ സാത്താന് ഏൽപ്പിക്കുന്നതാണോ? ആ ചോദ്യങ്ങളെല്ലാം സാങ്കേതികങ്ങളാണ്; ആ പ്രയോഗത്തിന്റെയും തുടർന്നുള്ള വാക്കിന്റേയും അർതത്ഥം വ്യക്തമാണ്. യേശുവിന്റെ നാമത്തോടുകൂടി അപ്പൊസ്തലന്റെ അധികാരവും ചേർന്ന് കർത്താവിന്റെ ശരീരത്തിൽ അശുദ്ധി പാടില്ല എന്ന് കൽപിച്ചിരിക്കുന്നു.

**വാക്യം 5.** അത്തരം ഒരാളെ **സാത്താന് ഏൽപിച്ചു കൊടുപ്പാൻ** പൗലൊസ് സഭയോട് പറയുന്നത് ഇവിടെയും, 1 തിമൊഥെയൊസ് 1:20 ലും (ഹുമനയൊസും അലെക്സന്തരും) മാത്രമാണ് ആ വാക്കുകളിൽ എന്തെല്ലാം അടങ്ങിയിരുന്നാലും, ഇടർച്ച വരുത്തിയ വ്യക്തിയെ ദൈവജനമായ സഭയിലെ

കൂട്ടായ്മയിൽനിന്നു വേർപെടുത്തണമെന്നത് വ്യക്തമാണ്. സഭയിലെ ആളുകളുടെ വിശ്വാസത്തിലും, പെരുമാറ്റത്തിലും, ക്രിസ്തു സ്വാധീനിക്കും, സഭ എന്ന ശരീരത്തിന് പുറത്താണ് സാത്താന്റെ പ്രതലം.

സാത്താന് ഏൽപിച്ചുകൊടുക്കുമ്പോൾ **ജഡസംഹാരം** നടക്കുന്നത് എങ്ങനെ? അത്തരം ആളുകളെ ദൈവത്തിനു വേണ്ടി സാത്താൻ അച്ചടക്കം നടത്തുവാനാണോ പൗലൊസ് പ്രതീക്ഷിച്ചതെന്നു വിശ്വസിക്കുവാൻ പ്രയാസമാണ്. അവർ **കർത്താവായ യേശുവിന്റെ നാളിൽ രക്ഷിക്കപ്പെടേണ്ടതിന്ന്** സാത്താൻ അവരെ രൂപപ്പെടുത്തുമെന്നല്ല പൗലൊസ് അർത്ഥമാക്കിയത്. ഒരുപക്ഷെ, പാപത്തിൽ മുഴുകി ജീവിക്കുമ്പോൾ, അതിന്റെ അനന്തരഫലമായ നാശത്തെ പെട്ടെന്നു മനസിലാക്കുവാൻ കഴിയുകയില്ലായിരിക്കാം. ഒരാളെ സാത്താന് ഏൽപിക്കുമ്പോൾ, അയാൾക്ക് സഭയുമായുള്ള കൂട്ടായ്മ നിഷേധിക്കപ്പെടുന്നു, അങ്ങനെ അയാൾക്ക് തന്റെ പാപത്തിന്റെ ഗൗരവം ബോധ്യമാകുന്നു. അങ്ങനെ വരുമ്പോൾ, സാത്താന് ഏൽപിച്ചുകൊടുക്കുന്നതിന്റെ ഫലം-രക്ഷിക്കപ്പെടുക എന്നത്-നടന്നേക്കാം. അവന് തന്റെ ജഡാഭിലാഷം ലജ്ജാകരമായി തോന്നുകയും അതിൽനിന്നു പിന്തിരിയുവാനുള്ള ശ്രമം അവന്റെ ഭാഗത്തുനിന്നും ഉടലെടുക്കുവാനും സാധ്യതയുണ്ട്. ദൈവത്തിനു വേണ്ടി അച്ചടക്കം വരുത്തുവാൻ സാത്താന് ഒരിക്കലും മനസ് വരികയില്ല. പക്ഷെ, പാപത്തിന്റെ അനന്തരഫലമായുണ്ടാകുന്ന മനസാക്ഷിക്കുത്ത് നിമിത്തം അയാൾ മാനസാന്തരത്തിനായി ദുഃഖിച്ചേക്കാം (ലൂക്കൊ. 15:17).

ജഡസംഹാരം എന്നു പറഞ്ഞിരിക്കുന്നത് അനന്യാസിനും സഫീറക്കും (പ്രവൃ. 5:1-11 ലും) ഏലീഫാസിന്നും (പ്രവൃ. 13:8, 11) അക്ഷരികമായ മരണശിക്ഷയാണെന്ന് ചിലർ വിശ്വസിക്കുന്നു. അത് അങ്ങനെയെങ്കിൽ, പാപവും രോഗവും തമ്മിൽ നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു എന്നു പറയേണ്ടി വരും (ഉദാഹരണമായി, യോഹ. 9:3). ഉദ്ദേശം, കർത്താവിന്റെ ന്യായവിധിയിൽ കോപത്തിന് ഇരയാകാതെ ആത്മാവ് രക്ഷിക്കപ്പെടുവാനാണ്.

## സഭയുടെ ശുദ്ധീകരണം
## (5:6-8)

ഏതൊരു സാഹചര്യത്തിലും സഭ നടപടി എടുക്കേണ്ടത് വേഗത്തിലായിരിക്കണം. ക്രിസ്തുവിന്റെ പ്രായശ്ചിത്ത പ്രവൃത്തിയെ കാണിക്കുവാൻ അപ്പൊസ്തലൻ പെസഹയെ ചിത്രീകരിച്ചിരിക്കുന്നു. പാപത്തിൽ ജീവിക്കുന്ന സഭയിലെ മനുഷ്യനെ അച്ചടക്കം വരുത്തുവാൻ പൗലൊസ് സഭയോട് ആവശ്യപ്പെടുന്നു. ക്രിസ്തുവിനാൽ ശുദ്ധീകരിക്കപ്പെട്ട ആളുകളാണ് സയിലുള്ളത്, അവർ ആരാകുവാനാണോ വിളിക്കപ്പെട്ടത്, അങ്ങനെ തന്നെ ജീവിക്കണം. അവന്റെ നാമം വിളിക്കപ്പെട്ടിരിക്കുന്ന ആളുകളിൽ അവൻ പ്രതീക്ഷിക്കുന്നത് ദൈവഭക്തിയുള്ള ജീവിതമാണ്.

**6നിങ്ങളുടെ പ്രശംസ നന്നല്ല. അസാരം പുളിമാവ് പിണ്ഡത്തെ മുഴുവനും പുളിപ്പുക്കുന്നു എന്നു അറിയുന്നില്ലയോ? 7നിങ്ങൾ പുളിപ്പില്ലലാത്തവരായിരിപ്പാൻ തക്കവണ്ണം പുതിയ പിണ്ഡം ആകേണ്ടതിന്ന് പഴയ പുളിമാനവിനെ നീക്കി കളവിൻ. നമ്മുടെ പെസഹക്കുഞ്ഞാടും അറുക്കപ്പെട്ടിരിക്കുന്നു, ക്രിസ്തു തന്നെ. 8ആകയാൽ നാം പഴയ പുളിമാവുകൊണ്ടല്ല, തിന്മയും ദുഷ്ടതയുമായ പുളിമാവുകൊണ്ടല്ല, സ്വഛതയും സത്യവുമായപ**

**ുളിപ്പില്ലായ്മ കൊണ്ടു തന്നെ ഉൽസവം ആചരിക്ക.**

**വാക്യം 6**. മാനസാന്തരത്തിന് മുൻപ് ഉണ്ടാകേണ്ടതാണ് താഴ്മ. കൊരിന്ത്യയിലുള്ളവരുടെ അഹങ്കാരം ഭിന്നിപ്പിനും, പൗലൊസിനെതതിരെ തിരിയുവാനും കാരണമായി. നിഗളത്താൽ ആ സഹോദരന്മാരുടെ താടി ഉയർന്നു, പക്ഷെ ലജ്ജിക്കപ്പെട്ടതിനാൽ അവരുടെ തല താഴ്ന്നുപോയി. നിഗളം, ലജ്ജ, താഴ്മ, പ്രശംസ എന്നിവ സമ്മിശ്രമായി കിടന്നിരുന്നു. പൗലൊസ് തന്റെ വിധി വ്യക്തമാക്കി: **നിങ്ങളുടെ പ്രശംസ നന്നല്ല**. ചിലരുടെ വിഭാഗീയ ചിന്തകളും, ഒരാൾ തന്റെ അപ്പന്റെ ഭാര്യയെ വെച്ചുകൊണ്ടിരിക്കുന്നതു സഹിക്കുന്നതും അവർ പ്രശംസിക്കുന്നതുമെല്ലാം സഭയെ ബാധിച്ച ബാധ ആയിരുന്നു (1:29; 3:21; 4:6, 18; 5:2; 8:1). പ്രശംസ സ്വയ-പരിശോധനക്കിടർച്ചയാണ്, താഴ്മ മാനസാന്തരത്തിന് അനിവാര്യവുമാണ്. ലോകത്തിന് സഭയെ ഉറപ്പിക്കുന്നതാണ് പ്രശംസ. അത് ക്രിസ്തുവിന്റെ നാമം ദുഷിക്കപ്പെടുവാൻ കാരണമാകും, വിശ്വാസികൾക്ക് കർത്താവിന്റെ അനുഗ്രഹം നഷ്ടമാക്കുകയും ചെയ്യും.

അടുക്കളയിലെ ഒരു ചെറിയ വസ്തു എടുത്ത് പൗലൊസ് തന്റെ പോയിന്റ് സ്പഷ്ടമാക്കി. ഒരു ചെറിയ പുളിമാവ് വലിയ പിണ്ഡത്തെ മുഴുവൻ പുളിപ്പിക്കുന്നു. **അസാരം പുളിമാവ് പിണ്ഡത്തെ മുഴുവൻ പുളിപ്പിക്കുന്നു**. പുളിമാവിനെ യേശു ക്രിയാത്മകമായി ഉപയോഗിച്ചിരുന്നു: സ്വർഗരാജ്യം പുളിച്ച മാവിനോട് സദൃശം. അത് ലോകം മുഴുവൻ വ്യാപിക്കുമെന്നർത്ഥം (മത്താ. 13:33); അതുപോലെ തന്നെയാണ് ദുഷ്ക്കർമ്മവും ചെറാതാണെങ്കിലും വളരെ വേഗത്തിൽ അത് വ്യാപിക്കും. വിശുദ്ധ ജീവിതത്തിന് ആവശ്യമായതെല്ലാം ക്രിസ്തു നൽകിയിട്ടുണ്ട്, പക്ഷെ പാപം അതിനെ തടയുവാനായി ഇടക്ക് കടന്നുവരും. വിശ്വസ്തരായ ക്രിസ്ത്യാനികൾ ബലഹീനരെ താങ്ങുകയും ദുഷ്ടതയെ പ്രതിരോധിക്കയും വേണം. സഭ പാപത്തിന് വാതിൽ തുറന്നുകൊടുത്താൽ സഭക്ക് അവമതിപ്പുണ്ടാക്കുകയും, അഭക്തി വ്യാപിക്കുകയും ചെയ്യും. സഭയിലെ അംഗങ്ങളെല്ലാവരും തമ്മില് തമ്മിൽ നല്ലബന്ധം പുലർത്തുന്നവരായിരിക്കണം. ആരുടെ പാപമായാലും, അത് അയാളുടെ സ്വന്ത കാര്യമല്ല. ക്രിസ്തുവിന്റെ നാമം ധരിച്ചിരിക്കുന്ന ഓരോരുത്തരും തന്റെ സഹോദരന്റെ സൂക്ഷിപ്പുകാരനാണ് (ഉല്. 4:9). ഒരു വ്യക്തിയുടെ പാപം അസാരം പുളിമാവ് പിണ്ഡത്തെ മുഴുവൻ പുളിപ്പിക്കുന്നതുപോലെ, ആ ദുഷ്പേർ സഭയെ മുഴുവനും വ്യാപിക്കും.

സഭയിൽ രൂപപ്പെട്ട ചില സംഭവങ്ങൾ അപ്പൊസ്തലനെ തികച്ചും നിരുൽസാഹപ്പെടുത്തി, എങ്കിലും അവർ അതിൽനിന്നു മാനസാന്തരപ്പെടുവാൻ അവൻ അപേക്ഷിച്ചു. സഭയിലുള്ളവർ തെറ്റിദ്ധരിക്കപ്പെടുകയോ അല്ലെങ്കിൽ, ക്രിസ്തുവിന്റെ കൽപനകളെ നിരാകരിക്കുകയോ ചെയ്യുമ്പോൾ, ദൈവ വേല ചെയ്യുന്നവർ നിരാശപ്പെടരുത്. യോഹന്നാൻ സ്നാപകനെ പോലെയും, യേശുക്രിസ്തുവിനെ പോലെയും പൗലൊസ് ഒരിക്കലും പാപത്തോട് വിട്ടുവീഴ്ച്ച ചെയ്തില്ല. അതുപോലെ, ആളുകൾ അധാർമ്മികതയിൽ ജീവിക്കുകയോ, ദുരുപദേശത്തിന് ഇരയാവുകയോ ചെയ്യുമ്പോൾ, ആളുകളെ വിട്ടുകളകയുമരുത്. പരിധിക്കുള്ളിൽ നിന്ന്, ക്രിസ്ത്യാനിയായി ജീവിക്കുക എന്നതാണ് പ്രായോഗികത. ഫ്രാൻസിസ് ഷെഫർ എഴുതി,

ആളുകൾ പലതും മുൻവിധിയോടും, തങ്ങളുടെ ഇഷ്ടങ്ങൾക്ക്

> മുൻതൂക്കം കൊടുത്തും ചെയ്യുന്നതിൽ അവർ തങ്ങളുടെ ജീവിതത്തിൽ, മനോഹരമായ പലതും നഷ്ടപ്പെടുത്തുന്നു. ഒന്നുമില്ലാത്തവക്കായി അവർ മൂല്യമേറിയവയെ ത്യജിക്കുകയാണ്, അപ്പോൾ അവർ ആരായി തീരേണമോ, അങ്ങനെ ആകാതെ പോകുന്നു.[3]

**വാക്യം 7**. കൊരിന്തിലെ ഇടവകയിൽനിന്നു പഴയ പുളിമാവ് ആയ അപ്പന്റെ ഭാര്യയെ വെച്ചുകൊണ്ടിരിക്കുന്ന മനുഷ്യനെ അവർ നീക്കം ചെയ്യണമായിരുന്നു. ക്രിസ്തുവിനോടുള്ള ബന്ധത്തിൽ, സഭ വിശുദ്ധീകരിക്കപ്പെട്ട് ജീവന്റെ പുതുക്കത്തിൽ നടക്കണം. ക്രിസ്തുവിന്റെ ശരീരത്തോടു ബന്ധപ്പെട്ടവർ ജഡാഭിലാഷത്തെ അതിജീവിച്ച് വിശുദ്ധ ജീവിതം നയിക്കണമെന്ന നിർദ്ദേശമാണ് അപ്പൊസ്തലൻ നൽകിയത്. **ക്രിസ്തു എന്ന പെസഹക്കുഞ്ഞാട്** അറുക്കപ്പെട്ടത്, ആ യാഗവുമായി ബന്ധപ്പെടുന്നവർ വിശുദ്ധജനമായി ദൈവത്തിനു മഹത്വം കൊടുക്കുവാനായിരുന്നു.

എൻഏഎസ്ബിയിൽ 5:7 ൽ "കുഞ്ഞാട്" എന്ന വാക്ക് ഇല്ല, എന്നാൽ പൗലൊസ് ക്രിസ്തുവിനെ "നമ്മുടെ പസഹക്കുഞ്ഞാട്" എന്നാണ് വിളിച്ചത്, "അവൻ അറുക്കപ്പെട്ടിരിക്കുന്നു" എന്നും പറഞ്ഞു. പെസഹക്ക് കുഞ്ഞാടിനെ പ്രായശ്ചിത്തമായി അർപ്പിക്കുന്നതുപോലെ, യേശു ക്രൂശിൽ യാഗമായി സ്വയം ലോകത്തിന്റെ പാപമോചനത്തിനായി അർപ്പിക്കപ്പെട്ടു. സാങ്കേതികമായി, പെസഹക്ക് അറുക്കുന്നത് കുഞ്ഞാടിനെയാണ് (പുറ. 12:5). പെസഹക്കുഞ്ഞാടിനെ അറുക്കുന്നതുമായുള്ള ബന്ധത്തിൽ ക്രിസ്തുവിനെ നമുക്ക് രണ്ട് വിധത്തിൽ നോക്കി കാണാം. കുഞ്ഞാട് എന്നു പറയുമ്പോൾ, അത് *നിരുപദ്രവകാരിയും, നിഷ്ക്കളങ്കവുമായിരിക്കും.* പെസഹക്ക് കുഞ്ഞാടിനെ യാഗമായി അർപ്പിക്കുമ്പോൾ, നിഷ്ക്കളങ്കത പരിഗണിക്കാറില്ല. സുവിശേഷം അനുസരിക്കാത്തവരെ ദൈവം ന്യായവിധി നടത്തുമ്പോൾ, സുവിശേഷം അനുസരിച്ച് വിശ്വസ്തത കാത്തുകൊള്ളുന്നവരെ കുഞ്ഞാടിന്റെ രക്തം മുഖാന്തരം കുറ്റമില്ലാത്തവരായി കണക്കാക്കും (2 തെസ്സ. 1:8). യോഹന്നാനും പത്രൊസും യേശുവിനെ കുഞ്ഞാട് എന്നാണ് വിളിച്ചത് (യോഹ. 1:29, 36; വെളി. 5:6; 1 പത്രൊ. 1:19 നോക്കുക). രണ്ട് വേദഭാഗത്തിലും, നേരിട്ട് യേശുവിനെ പെസഹക്കുഞ്ഞാട് എന്ന രീതിയില് ഉപയോഗിച്ചിട്ടില്ല, അങ്ങനെയായാൽ പെസഹ എന്നു പറയുന്നത് യേശു എന്ന "കുഞ്ഞാട്" ആണ് എന്നു തെറ്റിദ്ധരിക്കപ്പെടും.

ഈ വേദഭാഗത്തിൽ, പുറപ്പാട് 12:46 ലും, യോഹന്നാൻ 19:36 ലും പറഞ്ഞിരിക്കുന്നതുപോലെ, കർത്താവാണ് പെസഹക്കുഞ്ഞാട്. എൻഐവിയിലും, എൻആർഎസ്‌വിയിലും 5:7 ൽ "കുഞ്ഞാട്" എന്നു തന്നെയാണ് തർജ്ജജിമ ചെയ്തിരിക്കുന്നത്.

**വാക്യം**. 8. പെസഹ ഉൽസവത്തെ കുറിച്ചായിരുന്നു അപ്പൊസ്തലൻ സൂചിപ്പിച്ചത്. ആ ദിനം ആരംഭിച്ച നാൾ മുതൽ യെഹൂദജനം ആഘോഷിക്കയും സന്തോഷിക്കയും ചെയ്തു വന്നു. പൗലൊസിന്റെ ആദ്യ വായനക്കാർ ഇവിടെ ഒരു വ്യത്യാസം ദർശിച്ചിരിക്കാം. ജാതികളുടെ ദേവന്മാരെ പ്രീതിപ്പെടുത്തുന്ന സ്വ-യേഛ പ്രകടനങ്ങൾ ആയിരുന്നില്ല അത്തരം ആഘോഷങ്ങൾ. ക്രിസ്ത്യാനികൾ ഇന്നു കൂട്ടായ്മ ആചരിക്കുമ്പോൾ ഒരുമിച്ച് സന്തോഷത്തോടെ ആഹാരം കഴിക്കുന്നതും ജാതികൾ നടത്തിവരുന്ന ഉൽസവവും തമ്മിൽ പ്രകടമായ വ്യത്യാസം കാണാം. യഥാർത്ഥ ആഘോഷം, സഭയുടെ

ആരാധനയിലും, ജീവിതത്തിലുമാണ് കാണേണ്ടത്. ആ രീതിയിലാണ് ഈ ഉൽസവം ആചരിക്കേണ്ടത്. സഭയിൽ എല്ലാവരും യോജിച്ച്, ക്രിസ്തുവിനെ ഏറ്റു പറയുന്നതിലും, സമർപ്പണത്തിലും, വിശുദ്ധിയിലും, പ്രത്യാശയിലും, കൂട്ടായ്മ നില നിർത്തുകയാണ് ചെയ്യുന്നത്.

അന്യദേവന്മാരെ നമസ്ക്കരിക്കുന്നവരും ക്രിസ്ത്യാനികളും തമ്മിലുള്ള വ്യത്യാസം പുളിപ്പില്ലാത്ത അപ്പം പ്രതിനിധാനം ചെയ്യുന്നതാണ്. **പുളിപ്പ് പകയുടേയും, ദുഷ്ടതയുടേയും** അലങ്കാരമാണെങ്കിൽ, **പുളിപ്പില്ലായ്മ ആത്മാർത്ഥതയെയും സത്യത്തെയും** പ്രതിനിധീകരിക്കുന്നു. എന്നാൽ ഒരാൾ തന്റെ അപ്പന്റെ ഭാര്യയുമായി ജീവിക്കുന്നതിനെ, അവരുടെ പഴയ ജീവിതവുമായി താരതമ്യം ചെയ്യാവുന്നതോ, പുതിയ ജീവിതത്തിന്റെ പുളിപ്പില്ലായ്മയോട് ബന്ധിപ്പിക്കാവുന്നതോ ആയിരുന്നില്ല. "പുളിപ്പ്" എന്ന ആശയവും "ഉൽസവം ആചരി[ക്കലും]," സഭയുടെ കൂടിവരവുമായി ബന്ധപ്പെടുത്തി സൂചിപ്പിക്കുന്നു. എന്നത് നാം ഗൗരവമായി എടുക്കണം. "നിങ്ങൾ കൂടി വരുമ്പോൾ" (5:4) എന്നതുമായി യോജിപ്പിച്ചാണ് പൗലൊസ് ആ പ്രയോഗം നടത്തിയിരിക്കുന്നത്. "നിങ്ങൾ സഭ കൂടുമ്പോൾ" (11:18), "സഭ ഒക്കെയും ഒന്നിച്ചു കൂടി" (14:23) എന്നും പറഞ്ഞിരിക്കുന്നു.

"ആത്മാർത്ഥതയുടേയും സത്യത്തിന്റേയും പുളിപ്പില്ലാത്ത അപ്പം" എന്നതു സഭയുടെ ''ഉൽസവം ആചരിക്കലും'' ആയി ബന്ധപ്പെടുത്തിയപ്പോൾ, പൗലൊസിന്റേയും വായനക്കാരന്റേയും മനസിൽ, കർത്തൃമേശയാണ് ഉള്ളത് എന്നു സ്പഷ്ടം. ദൈവഭക്തിയോടെ ജീവിച്ച് "ഉൽസവം" ആചരിക്കുന്നതും അന്യദേവന്മാരുടെ ഉൽസവാഘോഷവും തമ്മിലുള്ള വ്യത്യാസം കാണിക്കുകയാവാം അപ്പൊസ്തലൻ ഇതിൽകൂടെ ചെയ്തത്. അന്യ ദേവന്മാരെ പ്രീതിപ്പെടുത്തുന്നവർ അവരുടെ ഉൽസവങ്ങളിൽ പ്രദർശിപ്പിക്കുന്ന വഞ്ചനയെ കുറിച്ച്, പുരാതന എഴുത്തുകാർ എഴുതിയിരിക്കുന്നു.[4] ക്രിസ്തുവിന്റെ അനുയായികൾ, ദൈവഭക്തിയുള്ളവരായി ഉൽവം ആചരിക്കണമെന്ന് ബോധ്യമാക്കുവാനാണ് അപ്പൊസ്തലൻ "നമ്മുടെ ഉൽസവവും," "അവരുടെ ഉൽസവവും" തമ്മിലുള്ള വ്യത്യാസം ബോധ്യമാക്കിയത്. കർത്തൃമേശയിൽ നാം പങ്കിടുന്ന പുളിപ്പില്ലാത്ത അപ്പമാണ് ഇവിടെ പറഞ്ഞിരിക്കുന്നത് കർത്തൃമേശയിൽ പുളിപ്പില്ലാത്ത അപ്പം എടുക്കണമെന്ന് പുതിയ നിയമത്തിൽ മറ്റൊരിടത്തും നേരിട്ടു പറയുന്നില്ല. എങ്ങനെയായാലും, യേശു പെസഹ പെരുന്നാളിനിടയിലായിരുന്നു കർത്തൃമേശ സ്ഥാപിച്ചുകൊടുത്തത്, യെഹൂതന്മാർ അതിൽ പുളിപ്പില്ലാത്ത അപ്പമായിരുന്നു ഉപയോഗിച്ചത് (പുറ. 12:8).

## നിർദ്ദേശം വ്യക്തമാക്കൽ
## (5:9-13)

അപ്പന്റെ ഭാര്യയെ വെച്ചുകൊണ്ടിരിക്കുന്ന വ്യക്തിയെ തിരുത്തി പ്രബോധിപ്പിച്ചുകൊണ്ട്, പൗലൊസ് അവർക്ക് മുൻപ് എഴുതിയ ലേഖനത്തെ കുറിച്ചു പറഞ്ഞു. അതിൽ വെളിപ്പെടുത്തിയ കാര്യങ്ങളെല്ലാം അവർക്ക് സ്പഷമായും മനസിലായി. വിവരം കേട്ട ഉടനെ ആ കാര്യത്തെ വിശദീകരിച്ചുകൊണ്ട് പൗലൊസ് അവർക്ക് എഴുതി. അതിനോടു ബന്ധപ്പെടുത്തി, സഭയിൽ ഒരംഗത്തെയും ദുർന്നടപ്പ് ആചരിച്ച് സഭയിൽ നിലനിർത്താവുന്നതല്ല എന്ന കൽപനയാണ് ഇപ്പോൾ നൽകുന്നത്.

**[9]ദുർന്നടപ്പുകാരോട് സംസർഗം അരുത് എന്നു ഞാൻ എന്റെ ലേഖനത്തിൽ നിങ്ങൾക്ക് എഴുതീട്ടുണ്ടല്ലൊ. [10]അത് ഈ ലോകത്തിലെ ദുർന്നടപ്പുകാരോടോ അത്യാഗ്രഹികളോടോ പിടിച്ചുപറിക്കാരോടോ വിഗ്രഹാരാധികളോടോ അരുത് എന്നല്ലല്ലൊ. അങ്ങനെ എങ്കില് നിങ്ങൾ ഈ ലോകം വിട്ടു പോകേണ്ടി വരും. [11]എന്നാലൽ സഹോദരൻ എന്നു പേർപെട്ട ഒരുവൻ ദുർന്നടപ്പുകരനോ, അത്യാഗ്രഹിയോ വിഗ്രരഹാരാധിയോ വാവിഷ്ഠാണക്കാരനോ മദ്യപനോ പിടിച്ചുപറിക്കാരനോ ആകുന്നു എങ്കിൽ, അവനോട് സംസർഗം അരുത്. അങ്ങനെയുള്ളവനോടുകൂടെ ഭക്ഷണം കഴിക്കപോലും അരുത് എന്നത്രെ ഞാൻ നിങ്ങൾക്ക് എഴുതിയത്. [12]പുറത്തുള്ളവരെ വിധിപ്പാൻ എനിക്ക് എന്തുകാര്യം? നിങ്ങൾ അകത്തുള്ളവരെ അല്ലയോ വിധിക്കുന്നത്? പുറത്തുള്ളവരെ ദൈവം വിധിക്കുന്നു. [13]ആ ദുഷ്ടനെ നിങ്ങളുടെ ഇടയിൽനിന്നു നീക്കി കളവിൻ.**

**വാക്യം 9.** മുൻപ് പൗലൊസ് എഴുതി എന്നു പറഞ്ഞ ആ ലേഖനം പുതിയ നിയമത്തിൽ നമുക്കായി സൂക്ഷിച്ചിട്ടില്ല. ഇവിടെ അതിനെ കുറിച്ച് ചുരുക്കമായി പറഞ്ഞിരിക്കുന്നതല്ലാതെ ക്രിസ്ത്യാനികൾക്ക് അതിനെ കുറിച്ച് മറ്റൊന്നും അറിയില്ല. പൗലൊസ് അത് എഫെസൊസിൽനിന്ന് എഴുതി എന്നു കരുതപ്പെടുന്നു. ഒന്നോ അതിലധികമോ വർഷം എഫെസൊസിൽ പൗലൊസ് താമസിച്ച ശേഷം എഴുതിയതാണ് നാം "1 കൊരിന്ത്യർ" എന്നു പറയുന്ന ലേഖനം. ദുർന്നടപ്പ് നിസാരമായി കാണരുത് എന്ന അർത്ഥത്തിലാണ് ദുർന്നടപ്പുകാരോട് സംസർഗം അരുത് എന്നു അവൻ മുൻപ് എഴുതിയ ലേഖനത്തിൽ എഴുതിയത്. അതായത് പാപത്തെ അവർ നിസാരമായി കാണരുത് എന്നർത്ഥം. രാജ്യത്തിന്റെ അതിർ വരമ്പ് സൂക്ഷിക്കുവാനായിട്ടാണ് പൗലൊസ് മുൻപ് എഴുതിയ ലേഖനത്തിലലും, 1 കൊരിന്ത്യ ലേഖനത്തിലും പറയുന്നത്. ദുഷ്ക്കർമ്മിയോട് സഭ സംസർഗം പുലർത്തുമ്പോൾ, അയാളുടെ ദുഷ്പ്രവൃത്തിക്കു സഭ കൂട്ടു നിൽക്കുന്നതായി വരുന്നു. ക്രിസ്തുവിനെ ഏറ്റു പറഞ്ഞതുമുതൽ തുടർന്നുള്ള ജീവിതരീതിക്കും അതിർവരമ്പ് ദൈവം നിശ്ചയിച്ചിരിക്കുന്നു. വിശ്വാസികൾ **അധർമ്മികളുമായി** സ്വതന്ത്രമായി **ഇടപെടുമ്പോൾ**, ക്രമേണ ആ സമൂഹം ക്രിസ്തുവിനുള്ളതതായി കാണപ്പെടുകയില്ല.

പൗലൊസ് മുൻപ് എഴുതിയ ലേഖനത്തെ കുറിച്ച് പറഞ്ഞിരിക്കുന്നതിൽ നിന്ന് അതിന്റെ ദൈവശ്വാസിയതയെയും കാനോനികതയെ കുറിച്ചും ചോദ്യം ഉയരാം. അപ്പൊസ്തലൻ എഴുതിയതെല്ലാം പരിശുദ്ധാത്മ നിയോത്താലായിരുന്നോ? എന്തുകൊണ്ട് പൗലൊസിന്റെ ചില ലേഖനങ്ങൾ പുതിയ നിയമത്തിൽ ഉൾപ്പെടുത്തുകയും ചിലത് ഉൾപ്പെടുത്താതിരിക്കയും ചെയ്തു? ആ ചോദ്യങ്ങൾക്കെല്ലാം തീർച്ചയായ ഉത്തരം നൽകുവാൻ ആർക്കും കഴിയുകയില്ല, എന്നാൽ ചില കാര്യങ്ങൾ വ്യക്തമാണ്: (1) പത്രൊസ്, ലൂക്കൊസ്, യോഹന്നാൻ, തുടങ്ങിയ മറ്റു എഴുത്തുകാരും, പല എഴുത്തുകളും നടത്തിയിരിക്കാം, പക്ഷെ അവയൊന്നും പുതിയ നിയമത്തിൽ ഉൾപ്പെടുത്തിയിട്ടില്ല, (2) ക്രിസ്തുവിന്റെ അപ്പൊസ്തലന്മാരെയും മറ്റു ദൈവശ്വാസിയരായവരെയും അവരുടെ പ്രസംഗവും എഴുത്തുകളും നയിക്കപ്പെട്ടതു പരിശുദ്ധാത്മാവിനാൽ ആയിരുന്നു. ഇപ്പോഴത്തെ ലേഖനം പോലെ ആധികാരികമായതിനാലാണ് പൗലൊസ് മുൻപ് എഴുതിയ ലേഖനത്തെ ഇവിടെ പരാമർശിച്ചത്. (3) പുതിയ നിയമ രൂപീകണത്തിൽ, പരിശുദ്ധാത്മാവ് ഇഛിക്കുന്നതുപോലെയാണ് ഓരോ

രുത്തരിലും പ്രവർത്തിച്ചത്. രേഖകൾ രചിക്കുന്നതിൽ മാത്രമല്ല, തുടർന്നുള്ള കാലങ്ങളിൽ സഭയിലുള്ളവരിൽ വിശ്വാസം വ്യാപരിക്കുന്നതിലും പരിശുദ്ധാത്മാവിന്റെ നടത്തിപ്പ് നമുക്ക് കാണുവാൻ കഴിയും. (4) പ്രമാണം പൂർത്തിയാക്കി. ഇന്ന് പൗലൊസോ, യോഹന്നാനോ എഴുതി എന്ന പേരിൽ ഒരു രേഖ കാണപ്പെട്ടാൽ അതു പുതിയനിയമത്തിൽ ഉൾപ്പെടുത്താൻ സാധ്യമല്ല. പരിശുദ്ധാത്മാവ് ആ ജോലി പൂർത്തിയാക്കി കഴിഞ്ഞു.

**വാക്യം 10.** വിശുദ്ധിക്കു വേണ്ടിയുള്ള ആഹ്വാനം എന്നു പറയുന്നത്, ലോകത്തിൽനിന്നുള്ള പൂർണ്ണമായ വേർപാട് ആണ്. ജീവിതത്തിൽ പ്രായോഗികമാക്കുവാൻ പറ്റാത്ത കാര്യങ്ങളാണ് പൗലൊസിന്റെ പ്രബോധനം എന്ന് ഒരുപക്ഷെ അവന്റെ ശത്രുക്കൾ പറഞ്ഞേക്കാം. തന്റെ കൽപനയെ അപ്പൊസ്തലൻ 5:9-13 ൽ വിശദീകരിച്ചിരിക്കുന്നു.

ലോകത്തിലെ **അധാർമ്മികരായുള്ള എല്ലാ ബന്ധവും** ക്രിസ്ത്യാനികൾക്ക് ഒഴിവാക്കുവാൻ സാധ്യമല്ല, അവൻ പറഞ്ഞു, അങ്ങനെയാണെങ്കിൽ അവർ ഈ **ലോകം വിട്ട് പോകേണ്ടി വരും.** കർത്താവിന്റെ ശരീരത്തിലെ അത്തരം സ്വഭാവക്കാരോട് ക്രിസ്ത്യാനികൾക്ക് ചിലത് പറയുവാനായിട്ടുണ്ട്, അല്ലെങ്കിൽ ചെയ്യേണ്ടതായിട്ടുണ്ട്. ദുർന്നടപ്പിനെ മറ്റു പാപങ്ങളിൽനിന്നു വേർപെടുത്താവുന്നതല്ല എന്നു അപ്പൊസ്തലൻ തന്റെ വായനക്കാരെ ഗ്രഹിപ്പിക്കുവാൻ ആഗ്രഹിക്കുന്നു, ഉദാഹരണമായി, **അത്യാഗ്രഹം, വിഗ്രഹാരാധന, പിടിച്ചുപറി** എന്നിവ അതിനോട് [ചേർത്താണ്] പറഞ്ഞിരിക്കുന്നത്. അപ്പന്റെ ഭാര്യയുമായി ജീവിക്കുന്ന മനുഷ്യനുമായി നേരിട്ടു ബന്ധപ്പെട്ടതല്ല ഇവിടെ പറഞ്ഞിരിക്കുന്ന മറ്റു പാപങ്ങൾ എന്നു തോന്നുന്നു.

ക്രിസ്ത്യാനികൾ സമൂഹത്തിൽനിന്നും വിട്ടുമാറി ഏകാന്ത ജീവിതം നയിക്കുന്നവരാണെന്ന വാദം നിരന്തരമായി പറഞ്ഞ് കേൾക്കുന്നു, എന്നാൽ അവർ വിശുദ്ധ ജീവിതം നയിക്കുന്നതിനാണ് അങ്ങനെ വേറിട്ട് ജീവിക്കുന്നത്. അതിനോടുള്ള പ്രതികരണമെന്നോണം ആയിരിക്കാം സന്യാസിമാരുടേയും സന്യാസിനിമാരുടേയും വേറിട്ട ജീവിതം. ഇത്തരം വേർപാടിനേക്കാൾ വിഷമമുള്ള ജോലി യേശു തന്റെ ശിഷ്യന്മാർക്ക് നൽകിയിരുന്നു. അവരുടെ സ്വന്ത വിശുദ്ധി നിലനിർത്തി ലോകത്തിലെങ്ങും പോയി സുവിശേഷം പ്രസംഗിക്കുവാനും ആളുകളിൽ വിശ്വാസവും നന്മയും വളർത്തുവാൻ നിർദ്ദേശിക്കുകയും വേണമായിരുന്നു. സഭ മതിലിനു പിന്നിൽ മറഞ്ഞിരുന്ന് ലൗകികത അകറ്റുവാനല്ല ദൈവം ആഗ്രഹിക്കുന്നത്, പിന്നെയോ, കർത്താവിന്റെ സഭയെ പ്രതിരോധത്താൽ ജയിക്കുവാൻ പാതാളഗോപുരങ്ങൾക്ക് പോലും കഴിയുകയില്ല (മത്താ. 16:18). ദൈവത്തെ അറിയാത്തവരിൽനിന്നു ഓടി ഒളിക്കേണ്ടവരല്ല ക്രിസ്ത്യാനികൾ, മറിച്ച് പാപത്തിന്റെ തടവറയിലുള്ളവരെ മോചനത്തിലേക്കും ജീവങ്കലേക്കും നയിക്കേണ്ടവരാണ്.

**വാക്യം 11.** മുൻപ് അപ്പൊസ്തലൻ എഴുതിയ ലേഖനത്തിൽ, വിശ്വാസികൾ ലോകത്തുള്ളവരോട് എങ്ങനെ ഇടപെടണം എന്നു പറഞ്ഞിരുന്നില്ല. യേശു തന്റെ ഉപദേശത്തിൽ ആ നിർദ്ദേശം നൽകിയിരുന്നു. മലമേൽ ഇരിക്കുന്ന പട്ടണം പോലെ ക്രിസ്ത്യാനികൾ ലോകത്തിൽ അന്ധതയിലുള്ളവർക്ക് വെളിച്ചം പകർന്നുകൊടുക്കണമെന്ന് അവൻ പറഞ്ഞിരുന്നു (മത്താ. 5:14). പൗലൊസ് മുൻപ് എഴുതിയത് അവിശ്വാസികൾക്ക് ആയിരുന്നില്ല, എന്നാൽ അത് കൊരിന്ത്യയിലെ ക്രിസ്ത്യാനികളോട് **ദുർന്നടപ്പുകാരനോട് സംസർഗം അരുത്** എന്നു നിർദ്ദേശിക്കുന്നതായിരുന്നു. അവൻ മുൻപ് ചെയ്തതുപേ

ാലെ, അധാർമ്മികതയുടെ ലിസ്റ്റ് പൗലൊസ് വിപുലീകരിച്ച്, **അത്യാഗ്രഹം, വിഗ്രഹാരാധന, പിടിച്ചുപറി** എന്നിവയും ഉൾപ്പെടുത്തിയിരിക്കുന്നു. അത്തരം കുറ്റമുള്ള ഒരു "സഹോദരനുമായി" വിശ്വസ്ത ക്രിസ്ത്യാനി ഭ**ക്ഷണം കഴിക്കുക പോലും** ചെയ്യരുത്.

പൗലൊസിന്റെ നിർദ്ദേശവും യേശുവിന്റെ ശത്രുക്കൾ അവനെ കുറിച്ച് ആരോപണം ഉന്നയിച്ചതുമായി ബന്ധപ്പെട്ട് ചില ചോദ്യങ്ങൾ ഉയർന്നേക്കാം. ഫരീശന്മാർ കർത്താവിന്റെ ശിഷ്യന്മാരോട് ചോദിച്ചു, "നിങ്ങളുടെ ഗുരു ചുങ്കക്കാരോടും പാപികളോടും കൂടെ ഭക്ഷിക്കുന്നത് എന്ത്?" (മത്താ. 9:11). യേശുവിനോടുകൂടെ ഭക്ഷിച്ചിരുന്ന പാപികൾക്ക് ദൈവജനമാകുവാനുള്ള അവസരം ലഭിച്ചിരിക്കാം, അതേ സമയം കൊരിന്ത്യയിലെ ക്രിസ്ത്യാനികൾ അവർ ക്രിസ്ത്യാനികളായപ്പോൾ ദുർന്നടപ്പ് ഉപേക്ഷിച്ചരല്ലേ? യേശു അവരുടെ ജീവിതരീതിയെ പ്രോൽസാഹിപ്പിച്ചോ? ക്രിസ്ത്യാനിയുടെ ഉദ്ദേശം അനുസരിച്ചാണ് ഒരു വിശ്വാസി പാപത്തിൽ ജീവിക്കുന്നവരുമായി സംസർഗം പുലർത്തുന്നത് ശരിയോ തെറ്റൊ എന്നു കണക്കാക്കുവാൻ. ഒരു പാപിയെ മാനസാന്തരത്തിനായി, സ്നേഹത്തോടെ ദൈവിക സന്ദേശവുമായിട്ടാണ് ഒരു ക്രിസ്ത്യാനി ആയിരിക്കുന്നതെങ്കിൽ, അയാളുമായ ഭക്ഷണം കഴിക്കുന്നത് ദൈവ മഹത്വത്തിനായിരിക്കും. എങ്ങനെയയാലും, ചില സമയത്ത്, പാപിയുമായി വെറുതെ ഭക്ഷണത്തിനായി അയാളോട് ചേരുന്നു എങ്കിൽ, അയാളുടെ പാപത്തെ അംഗീകരിക്കുന്നു എന്ന പ്രവണത ജനിപ്പിക്കും. നമ്മുടെ പെരുമാറ്റം ചുരുങ്ങിയത് അവിശ്വാസികൾക്ക് തെറ്റായ പ്രവണത നൽകരുത്. സഭ വിശുദ്ധജീവിതം നയിച്ചാൽ, അത് പുറത്തുള്ളവർക്ക് സുവിശേഷം അനുസരിക്കുവാനുള്ള പ്രചോദനമായി തീരും. പാപത്തെ ഗൗരവമായി കാണുന്നില്ലെങ്കിൽ അതു പുറത്തുള്ളവർക്ക് പഴി ചാരുവാനുള്ള അവസരമാകും.

**വാക്യം 12.** പുറത്തുള്ള അവിശ്വാസികൾ ക്രിസ്തുവിന്റെ സന്ദേശം കേട്ട്, പാപങ്ങളിൽനിന്നു വിട്ടുതിരിഞ്ഞ്, യേശു ദൈവപുത്രൻ ആണെന്ന് അവർ വിശ്വസിക്കണമായിരുന്നു; തുടർന്ന് അവർ പാപമോചനത്തിനായി അവനോട് ചേരുവാൻ സ്നാനം ഏൽക്കുകയും വേണം. **പുറത്തുള്ളവരെ വിധിക്കുക എന്നാലെന്താണ്?** എന്ന് അപ്പൊസ്തലന്റെ ഉള്ളിൽ തോന്നിയേക്കാം. അവിശ്വാസികളായ വ്യക്തികളുടെ പാപങ്ങൾക്ക് വിധി നടപ്പാക്കുക എന്നത് ക്രിസ്ത്യാനികളുടെ ജോലി അല്ല. അവിശ്വാസികളുടെ അത്യാഗ്രഹത്തെയും, മദ്യപാനത്തെയും, അതുപോലെ മറ്റു പാപങ്ങളെയും, സ്നേഹത്തിൽ അതിന്റെ ദോഷവശങ്ങളെ ക്രിസ്ത്യാനികൾ ബോധ്യമാക്കി കൊടുക്കണം. ക്രിസ്തുവിന്റെ ക്രൂശ് മുഖാന്തരമുള്ള കൃപയും പാപമോചനവും എല്ലാവർക്കും ഉള്ളതാണ്. കർത്താവ് എല്ലാവരുടെയും വിണ്ടെടുപ്പിനായി ക്ഷണിക്കുന്നു.

ക്രിസ്ത്യാനികൾ **സഭയിലുള്ളവരെ വിധിക്കുന്നത്** വ്യത്യസ്തമായ കാര്യമാണ്. അത്തരം വിധി ആവശ്യമാണ്. അതിനർത്ഥം ഓരോരുത്തരുടെ പാപങ്ങൾ ചാരപ്പണി നടത്തി കണ്ടുപിടിക്കണമെന്നല്ല. മറ്റുള്ളവരുടെ ലക്ഷ്യത്തെ ദുരുപയോഗിക്കുന്ന വിധത്തിലുള്ള വിധിയുമല്ല അത് (മത്താ. 7:1, 2; യാക്കൊ. 4:11). എങ്ങനെയായാലും, അത് ഒരു അംഗം, മാനസാന്തരപ്പെടാതെ പാപത്തിൽ ജീവിക്കുന്നതായി മനസിലാക്കിയാൽ, വ്യക്തിപരമായും, സഭ ഒന്നായും ശാസിച്ച് തിരുത്തുവാൻ ശ്രമിക്കണം. "ചിലരെ തീയിൽ നിന്നു വലിച്ചെടുത്തു രക്ഷിപ്പിൻ ..." (യൂദാ 23) എന്നാണ് യൂദാ പറയുന്നത്.

**വാക്യം 13.** അവിശ്വാസികളോട് ക്രിസ്തുവിനെ പ്രസംഗിക്കയും, മാനസാ

ന്തരപ്പെടുവാൻ അപേക്ഷിക്കയും ചെയ്തശേഷം ക്രിസ്ത്യാനികൾ അവരെ വിധിക്കുവാൻ ദൈവകരങ്ങളിൽ ഏൽപിക്കുക. അതിനിടയിൽ അവർക്കിടയിൽ ആരെങ്കിലും ദൈവത്തോട് മൽസരിച്ച്, പാപത്തിൽ ജീവിക്കുകയാണെങ്കിൽ, വിശ്വസ്ത ക്രിസ്ത്യാനികൾ അവരിൽനിന്നും അകലണം. ആവർത്തനപുസ്തകം 17:7 ഉദ്ധരിച്ചുകൊണ്ടാണ്, അപ്പൊസ്തലൻ ഈ പോയിന്റ് 5:13 ൽ ഊന്നി പറഞ്ഞത്. ആ ദുഷ്ക്കർമ്മം ചെയ്തവനെ നിങ്ങളുടെ ഇടയിൽനിന്നു നീക്കി കളവിൻ.

ഈ കാര്യത്തിൽ പൗലൊസിന്റെ നിർദ്ദേശം പാലിക്കുക വിഷമമാണ്, കാരണം സഭയില അംഗങ്ങളെ ഉത്തേജിപ്പിക്കുകയും വളർത്തുകയും, തെറ്റു ചെയ്യുന്നവർ മാനസാന്തരപ്പെടുമ്പോൾ അവരോട് ക്ഷമിക്കയും ചെയ്യണം, അവരോട് ദയയും മനസലിവും കാണിക്കണം. ദയയും കരുണയും ഒഴിച്ചു നിർത്താവുന്നതല്ല, പക്ഷെ ഒരു ക്രിസ്ത്യാനി മാനസാന്തരപ്പെടാതെ തുടർച്ചയായി മൽസരിച്ചുകൊണ്ടിരുന്നാൽ, അത്തരം സ്വഭാവത്തെ അംഗീകരിക്കുവാൻ സഭക്ക് കഴിയുകയില്ല. അത് പ്രയാസവും, സാഹസികവുമായിരുന്നാലും, സഭക്ക് അച്ചടക്കം അനിവാര്യവുമാണ്.

## പ്രായോഗികത

### വ്യക്തമായ ആശയവിനിമയം ആവശ്യപ്പെടുന്നു

നിർദ്ദേശങ്ങൾ എല്ലായ്പോഴും വ്യക്തമാകണമെന്നില്ല. കുട്ടികൾക്ക് പാൽ കൊടുക്കുന്ന കുപ്പിയിന്മേൽ, ഇപ്രകാരം പരസ്യം കാണാം, “കുട്ടി പാൽ കുടിച്ചുകഴിഞ്ഞാൽ പുതിയ പാൽ ഒഴിക്കുന്നതിന് മുൻപ് കുപ്പി വൃത്തിയാക്കുക.” അല്ലെങ്കിൽ അതിലേക്ക് പുതിയ പാൽ ഒഴിച്ചാൽ, പാൽ കേടുവരും. ലേഖൻ ശ്രദ്ധയോടെ വ്യക്തമാക്കുന്നതിനാണ് “അത്” എന്ന സർവ്വനാമം ഉപയോഗിച്ചിരിക്കുന്നത്.

പലരും ആശ്വാസത്തിനായി തലതിരിഞ്ഞ ഏർപ്പാട് സ്വീകരിക്കും, അപ്പൊസ്തലനായ പൗലൊസും ആളുകളെ ബോധ്യമാക്കുവാൻ പ്രയാസം നേരിട്ടിരുന്നു. ദുർന്നടപ്പുകാരോട് സംസർഗം അരുത് എന്ന് പൗലൊസ് കൊരിന്ത്യയിലെ ക്രിസ്ത്യാനികളോട് നിർദേശിച്ചു (5:9). കൊരിന്ത്യ സഭ എന്തു ചെയ്യണമെന്ന് പൗലൊസ് അവർക്ക് വ്യക്തമാക്കി കൊടുത്തു. ജാതികളുടെ അപ്പൊസ്തലൻ, ക്ഷമയോടെ അവർ എന്തു ചെയ്യമണമെന്ന് ബോധ്യമാക്കി കൊടുത്തു. ഇന്ന് സഭയയിലുള്ള ഓരോ ക്രിസ്ത്യാനിയും ഉപദേഷ്ടാവിനോടും മൂപ്പന്മാരോടും അപ്രകാരം ഇടപെടണം. മിക്ക സന്ദർഭങ്ങളിലും ആളുകൾക്ക് അങ്ങോട്ടുമിങ്ങോട്ടും വ്യക്തമായി ആശയവിനിമയം നടത്തുവാൻ കഴിയുന്നില്ല.

### പാപത്തെ കൈകാര്യം ചെയ്യൽ

അംഗങ്ങളിൽ സഭ ചില രീതിയിലുള്ള അച്ചടക്കം നടത്തിയില്ലെങ്കിൽ, പൊതുവായ വിശ്വാസം ഏറ്റുപറഞ്ഞ്, പൊതുവായ ജീവിതത്തിനായി സമർപ്പിക്കപ്പെട്ടിരിക്കുന്നു എന്നു കാണപ്പെടുവാൻ കഴിയുകയില്ല. തുടർന്നു പാപത്തിൽ ജീവിക്കുന്ന ഒരാളെ കൊരിന്ത്യ സഭ അംഗീകരിച്ചാൽ, ക്രിസ്തുവിന്റെ വിശുദ്ധിക്ക് അവർ വിട്ടുവീഴ്ച്ച ചെയ്യുകയാണ്. ശരിയായ രീതിയിൽ അച്ചടക്കം നടത്തുക എന്നത് സഭ നേരിടുന്ന ഒരു വെല്ലുവിളി തന്നെയാണ്. രണ്ട് വിധത്തിലുള്ള സഭയാണ് ഇന്നുള്ളത്: (1) ഇതുവരെ മാനസാന്തരപ്പെടുവാൻ

ഒരു സഹോദരനോടോ സഹോദരിയോടോ ആവശ്യപ്പെടേണ്ടി വന്നിട്ടില്ല. (2) ഇടർച്ച വരുത്തിയ അവരുടെ കൂട്ടത്തിലെ സഹോദരനെയോ സഹോദരിയെയൊ അച്ചടക്കം വരുത്തി. സങ്കീർണ്ണതകളില്ലാതെ അച്ചടക്കം സംഭവിക്കുന്നത് വളരെ വിരളമാണ്.

*ഫലപ്രദമായും സ്ഥിരമായും വേണം അച്ചടക്കം നടത്തുവാൻ.* സഭ കൂടിവരുന്നതിൽ അവിശ്വസ്ത കാണിക്കുന്ന ഒരാളെ സഭാരാധനയിൽനിന്നു മാറ്റിനിർത്തതുകയും, ഭാര്യയെ അടിക്കുന്ന ഭർത്താവുമായി കൂട്ടായ്മ പുലർത്തുകയും ചെയ്യാമോ? മോഷണം അത്യാഗ്രഹത്തേക്കാൾ വലിയ കുറ്റമാണോ? പരദൂഷണക്കാരനെ സ്വീകരിക്കയും നുണ പറയുന്ന ആളെ കൂട്ടായ്മയിൽനിന്നു മുടക്കുകയും ചെയ്യാമോ? എല്ലാ ക്രിസ്ത്യാനികളും പാപത്തെ നേരിടുന്നു. "നീതിമാൻ ആരുമില്ല, ഒരുത്തൻ പോലുമില്ല" എന്നു പൗലൊസ് പറഞ്ഞിരിക്കുന്നു (റോമ. 3:10). വെറുതെയല്ല ഇടവകകൾ സഭയെ അച്ചചടക്കം വരുത്തുന്നതിൽ പ്രയാസപ്പെടുന്നത്!

*ശരിയായ നിർദ്ദേശങ്ങളോടുകൂടെ വേണം സഭയിൽ അച്ചടക്കം നടത്തുവാൻ.* അപ്പന്റ ഭാര്യ വെച്ചുകൊണ്ടിരിക്കുന്ന മനുഷ്യനെ കുറിച്ച് പൗലൊസ് നൽകുന്ന നിർദ്ദേശങ്ങൾ നമുക്ക് സഹായകരമാണ്. ആദ്യമായി ആ മനുഷ്യന്റെ പാപം പരസ്യമായിരിക്കുന്നു. എല്ലാ പാപവും അങ്ങനെ അറിയപ്പെടണമെന്നില്ല. എല്ലാവർക്കും കാണത്തക്ക വിധത്തിൽ ഒരു സഹോദരനോ സഹോദരിയോ പാപം ചെയ്താൽ, പരസ്യമായ പാപത്തിന് പരസ്യമായപ്രതികരണം ആവശ്യമാണ്.

രണ്ടാമത്, ആ മനുഷ്യന്റെ പാപം അ-ക്രൈസ്തവരുടെ ഇടയിൽ സഭയുടെ ബഹുമതിയെ നേരിട്ടു ബാധിക്കുന്നു. വിശ്വാസം ആവശ്യപ്പെടുന്നത് വിശുദ്ധ ജീവിതം ആണ്. നിഷേധമായി നോക്കിയാൽ, ആ മനുഷ്യന്റെ പാപം യാദൃ-ശ്ചികമായി വന്നതോ, പ്രാർത്ഥിക്കാതെയോ, ബൈബിൾ വായിക്കാതെയോ സംഭവിച്ചതല്ല. ആ പാപം അഭക്തർക്ക് പോലും ഇടർച്ച വരുത്തുന്നതാണ്. മൂന്നാമത്, ദൈവഹിതവുമായി യോജിക്കുന്നതല്ല തന്റെ പ്രവൃത്തി എന്ന് ആ മനുഷ്യന് നന്നായി അറിയാമായിരുന്നു. അവൻ തേടിപ്പിടിച്ചതായിരുന്നു ആ പാപം. നാലാമതായി, ക്രിസ്ത്യാനികൾ അവന്റെ പാപത്തെ ഓർമ്മിപ്പിച്ചിരിക്കാം (മത്താ. 18:15–17). അഞ്ചാമത്, പുറത്തുള്ളവരുടെ ഇടയിൽ സഭയുടെ ബഹുമതി സൂക്ഷിക്കുന്നതിനും (1 കൊ. 5:1), പാപത്തിന് വശപ്പെട്ട ആത്മാവ് അവസാനം രക്ഷിക്കപ്പെടുന്നതിനുമാണ് (5:5). അച്ചടക്കത്തിന്റെ ഉദ്ദേശം, വ്യക്തിപരമായ വൈരാഗ്യം തീർക്കുന്നതിനോ, പ്രതികാരത്തിനോ, ശിക്ഷിക്കുന്നതിനോ ആകരുത്.

---

കുറിപ്പുകൾ

[1]ബെൻ വിതെർലിങ്ടൻ III, *കൊരിന്തിലെ സമൂഹവും സംഘർഷവും: ഏ സോഷ്യോ-റിറ്റോറിക്കൽ കമെന്ററി ഓൺ 1 ആന്റ് 2 കൊരിന്ത്യൻസ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്കമ്പനി., 1995), 156. [2]ഫ്രെഡ്റിക് ഹാക് ആന്റ് സീഫ്രൈഡ് സ്കൾസ്, "πόρνη, πόρνος, πορνεία, πορνεύω, ἐκπορνεύω," *ഇൻ തിയോളജിക്കൽ ഡിക്ഷ്ണറി ഓഫ് ദ ന്യൂടെസ്റ്റമെന്റ്*, എഡി. ഗെർഹാർഡ് കിറ്റെൽ. ട്രാൻസ്. ആന്റ് എഡി. ജെഫ്രി ഡബ്ലിയു. ബ്രോംലേ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്

കമ്പനി., 1971), 6:587. [3]ഫ്രാൻസ്സ് ഷഫർ, *ദ ഗോഡ് ഹു ഈസ് ദേർ* (ലണൻ: ഹോഡർ ആന്റ് സ്റ്റൗടൻ, 1968), 155. [4]അപുലെയസിന്റെ കഥ *മെറ്റാമോർഫസെസ്* (നന്നായി അറിയപ്പെടുന്നത് *ദ ഗോൾഡൻ ആസ്* എന്നാണ് എന്നത് പുരാതന റോമോ നോവൽ ലാറ്റിനിൽ ആണ്) ഒരു ഉദാഹരണം. വടക്കേ ആഫ്രിക്കൻ കുടുംബത്തിലെ ധനികനായ ഒരാലായയിരുന്നു അപുലയസ്. അദ്ദേഹം ലാറ്റിനിൽ എഴുതി രണാം-നൂറ്റാണിൽ ഗ്രീക്കിൽ പ്രസിദ്ധീകരിച്ചു.